**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1838** **31-08-2022 - ൽ മറുപടിയ്ക്ക്**

**സന്നദ്ധ സംഘടനകൾ സംഭാവന നൽകിയ ആംബുലൻസിന്റെ രജിസ്ട്രേഷൻ നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗേൾസ് സ്കൗട്ട് വെസ്റ്റേൺ വാഷിംഗ്ടണും ആർട്സ് ഫോർ അസിസ്റ്റൻസ്എന്ന ചാരിറ്റി സംഘടനയും വാമനപുരം മണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിന് സംഭാവനയായി നൽകിയ ആംബുലൻസിന്റെ രജിസ്ട്രേഷൻ നടപടിക്കുള്ള പ്രത്യേക അനുമതിക്കായി ഗതാഗത വകുപ്പ് മന്ത്രിയ്ക്ക് വാമനപുരം എം.എൽ.എ മുഖാന്തിരം ഗ്രാമപഞ്ചായത്ത് അധികൃതർ 20.04.2022 ൽ നൽകിയ കത്തിന്മേൽ (No.Vpm/MLA/1000/2022)സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ? | (എ) | കല്ലറ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിലെ രേഖകൾ പ്രകാരം വാഹനത്തിന്റെ Temporary Registration മോട്ടോർ ക്യാബ് ആയാണ് എടുത്തിരിക്കുന്നത്. എന്നാൽ ഫോം 20, 21 എന്നിവയിൽ ആംബുലൻസ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാഹന ഡാറ്റാ ബേസിലെ Homologation type approval certificate പ്രകാരം വാഹനം Rigid Passenger Vehicle ആണ്. ഇതു കൂടാതെ Form 22A പ്രകാരം വാഹനം ആംബുലൻസായി ബോഡി ഫാബ്രിക്കേറ്റ് ചെയ്തതായി certify ചെയ്തിട്ടുണ്ട്. വാഹനം നിയമാനുസൃതമല്ലാതെ തരം മാറ്റിയിട്ടുള്ളതായതിനാൽ ടി വാഹനം ആംബുലൻസ് ആയി രജിസ്റ്റർ ചെയ്യാൻ അനുവദിക്കാനാവില്ലെന്ന് അറിയിച്ചുകൊണ്ട് കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ഗതാഗത കമ്മീഷണർ മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ